ഗവൺമെന്റിന് ഔപചാരികമായി കിട്ടിയിരിക്കുന്ന വിവരം അനുസരിച്ച് 90 ഹെക്ടർ സ്ഥലത്തിന് അനുമതി നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. ബാക്കിയുള്ള 12 ഹെക്ടർ സ്ഥലത്തിനു വേണ്ടിയുള്ള അനുമതി, വരുന്ന 6-ാം തീയതിയിലെ കമ്മിറ്റിയിൽവച്ച് പരിഗണിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് വളരെ ഇച്ഛാശക്തിയോടുകൂടിയാണ് ഈ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ സീസണിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻവേണ്ടിയുള്ള ശക്തമായ തീരുമാനമാണ് ഗവൺമെന്റും ദേവസ്വം ബോർഡും എടുത്തിരിക്കുന്നത്.

(3) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്നതാണ് എന്റെ സബ്മിഷൻ. അംഗൻവാടി വർക്കർമാരുടെ വേതനം പ്രതിമാസം മൂവായിരം രൂപയായും ഹെൽപ്പർമാരുടെ വേതനം പ്രതിമാസം രണ്ടായിരത്തി അഞ്ഞൂറ് രൂപയായും വർദ്ധിപ്പിക്കണമെന്നും അവരെ സർക്കാർ സർവ്വീസിൽ റെഗുലറൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ലോൺ സൗകര്യം ചെയ്തുകൊടുക്കാനും കുഞ്ഞുങ്ങളുടെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്ന അംഗൻവാടി ജീവനക്കാരെ എല്ലാ വിധത്തിലും സഹായിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*: സർ, അംഗൻവാടികളിലെ വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരും വിഹിതമായി ഓണറേറിയം നൽകി വരുന്നുണ്ട്. 1-4-2001-ലാണ് സംസ്ഥാന സർക്കാർ അംഗൻവാടി വർക്കർമാരുടെ വേതനത്തിൽ 100 രൂപയുടെ വർദ്ധനവ് അവസാനമായി നടപ്പിലാക്കിയത്. 1-4-2002 മുതൽ കേന്ദ്ര സർക്കാർ അംഗൻവാടി വർക്കർമാർക്ക് 500 രൂപയുടേയും ഹെൽപ്പർമാർക്ക് 240 രൂപയുടേയും വർദ്ധനവ് നടപ്പിൽ വരുത്തി. ഇതുമൂലം സംസ്ഥാനത്ത് അംഗൻവാടി വർക്കർമാർക്ക് അവരുടെ സേവന കാലത്തിന്റേയും വിദ്യാഭ്യാസ യോഗ്യതയുടേയും അടിസ്ഥാനത്തിൽ പ്രതിമാസം 1238 രൂപ മുതൽ 1363 രൂപ വരെയും ഹെൽപ്പർമാർക്ക് പ്രതിമാസം 800 രൂപയും ലഭിക്കുന്നുണ്ട്. കൂടാതെ ഗ്രാമസഭകളുമായി ബന്ധപ്പെട്ട് കാര്യനിർവ്വഹണത്തിനായി അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം 100 രൂപയും ഹെൽപ്പർമാർക്ക് പ്രതിമാസം 50 രൂപയും ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ച് ഒരു വൺമാൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ട് കിട്ടി.

LIBRARY ARCHIVES Kerala Legislative Assembly

അത് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയിരിക്കുകയുമാണ്. അത് കിട്ടിയതിനുശേഷം ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതാണ്.

(4) പുറക്കാട് പഞ്ചായത്തിൽ ഗാന്ധി സ്മൃതിവനം പദ്ധതി

ശ്രീ. ഡി. സുഗതൻ : സർ, വനമില്ലാത്ത ജില്ലയാണ് ആലപ്പുഴ ജില്ല. ആ ജില്ലയിൽ വനവൽക്കരണത്തിന്റെ ഭാഗമായിട്ട് 1991-ലെ കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് എന്റെ മണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ 600 ഏക്കർ സ്ഥലം ഏറ്റെടുത്ത് വനം വച്ചുപിടിപ്പിക്കുവാൻ "ഗാന്ധി സ്മൃതിവനം" എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. അന്ന് 450 ഏക്കർ സ്ഥലം എടുത്തു. പിന്നെ നടപടിയൊന്നും ഉണ്ടായില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. കെ. പി. വിശ്വനാഥൻ മന്ത്രിയായിരുന്ന സമയത്ത് കോൺഫറൻസ് വിളിച്ചു കൂട്ടുകയും ബാക്കി 150 ഏക്കർ സ്ഥലംകൂടി എടുത്തുകൊണ്ട് ആ പദ്ധതി ആരംഭിക്കാനുള്ള നടപടിയുണ്ടാവുകയും ചെയ്തു. എന്നാൽ ഇപ്പോൾ ആ പദ്ധതിക്ക് വീണ്ടും തടസ്സം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ വർഷം തന്നെ "ഗാന്ധി സ്മൃതിവനം" പദ്ധതി നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കണം. 150 ഏക്കർ സ്ഥലത്തിന്റെ ഉടമയെ ഞാൻ തന്നെ സമീപിക്കുകയും സ്ഥലം വിട്ടുതരാൻ തയ്യാറാവുകയും ചെയ്തിട്ടുണ്ട്. അതിന് ആവശ്യമായ പണം ആലപ്പുഴ ജില്ലാ കളക്ടറുടെ പേരിൽ ഉണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ഇപ്പോഴത്തെ വനം വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി ഈ വർഷം തന്നെ "പുറക്കാട് ഗാന്ധി സ്മൃതിവനം" പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, 1994-ൽ "ഗാന്ധി സ്മൃതിവനം" സ്ഥാപിക്കുന്നതിനു വേണ്ടി ഭരണാനുമതി നൽകി. 600 ഏക്കർ ചതുപ്പുനിലം ഏറ്റെടുക്കുന്നതിന് നടപടിയായതാണ്. അതിൽ ഏതാണ്ട് 410 ഏക്കർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടിയുമായിട്ട് മുന്നോട്ടുപോയി. ഏതാണ്ട് നാല് മുതൽ ആറ് അടിവരെ വെള്ളത്തിനടിയിലാണ് ചില പ്രദേശങ്ങൾ കിടക്കുന്നത്. അത് അളന്ന് തിട്ടപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. 189.05 ഏക്കർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടിയിലേക്ക് പോകുകയാണ്. ബഹുമാനപ്പെട്ട സുഗതൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു മാസത്തിനുള്ളിൽ ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി "ഗാന്ധി സ്മൃതിവനം" പദ്ധതി പുനരാവിഷ്ക്കരിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടു പോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly